അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; കാസർഗോഡ് ജില്ലയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത ഫണ്ട് മുഖേന നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേരിച്ചുനൽകുന്നതാണ്.

കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

228 (5031) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

1. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വലിയമല കോളനി - റോഡ്, കടിവെള്ള പദ്ധതി, ഫുട്പാത്ത് നിർമ്മാണം.

2. ഭവന നിർമ്മാണ പദ്ധതി - 138 പേർക്ക് അനുവദിച്ചു

3. ഭൂരഹിത പുനരധിവാസ പദ്ധതി - 302 പേർക്ക്

4. ടോയ്ലറ്റ് നിർമ്മാണ പദ്ധതി - 517 പേർക്ക്

5. ഭവന പുനരുദ്ധാരണ പദ്ധതി - 89 പേർക്ക് അനുവദിച്ചു

6. വിദ്യാഭ്യാസാനുകൂല്യം - ഇ-ഗ്രാന്റ്സ് വഴി അനുവദിച്ചുനൽകി.

കോട്ടയം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

229 (5032) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും അനുവദിച്ച വീടുകൾ അതാതു വർഷം തന്നെ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

(സി) അനുവദിക്കപ്പെടുന്ന വീടുകൾ അതാതു വർഷം തന്നെ പൂർത്തിയാക്കുമെന്ന് ഉറപ്പാക്കാൻ ഏന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ഡി) കഴിഞ്ഞ നാല് വർഷം അനുവദിച്ചതിൽ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ആകെ എത്ര വീടുകൾ ഉണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ ധനസഹായത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

2011-12	-	8986.01 ലക്ഷം
2012-13	-	9999.85 "
2013-14	-	8484.75 "
2014-15	-	12381.4 "

ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിവരം ശേരിച്ചുനൽകുന്നതാണ്.

(ബി) ഓരോ വർഷവും അനുവദിച്ച വീടുകൾ അതാത് വർഷം തന്നെ പൂർത്തിയാക്കിയിട്ടില്ല. ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്നതിലെ കാലതാമസം, ഭവന നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടായ വർദ്ധനവ്, ഇവ സുഗമമായി ലഭിക്കുന്നതിനുള്ള തടസ്സം എന്നീ കാരണങ്ങളാലാണ് വീടുകൾ അതാത് വർഷം പൂർത്തീകരിക്കുവാൻ കഴിയാത്തത്.

(സി) 2015-16 വർഷങ്ങളിൽ ഏപ്രിൽ മാസത്തിൽ തന്നെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. ജില്ലകൾക്ക് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് തുക അനുവദിച്ചിട്ടുണ്ട്. നടപ്പ് വർഷത്തിൽ 5000 വീടുകൾ ലക്ഷ്യമിട്ടിട്ടുണ്ട്. ആയതിൽ 22-7-2015 വരെ 257 പേർക്ക് 1-ാം ഗഡുവും 4 പേർക്ക് 2-ാം ഗഡുവും അനുവദിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ അനുവദിച്ചതിൽ സ്പിൽ ഓവറായി അവശേഷിക്കുന്ന വീടുകളുടെ പുരോഗതി

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതലത്തിൽ അവലോകനം നടത്തി ആയവ പൂർത്തീകരിക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസുകളിൽ എഗ്രിമെന്റ് വയ്ക്കുന്ന സന്ദർഭത്തിൽ ആ സാമ്പത്തിക വർഷത്തിൽ തന്നെ വീടുപണി പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾക്ക് വേണ്ട നിർദ്ദേശം നൽകുന്നുണ്ട്.

(ഡി) കഴിഞ്ഞ നാലുവർഷം അനുവദിച്ചതിന്റെ 8220 വീടുകൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്.

കൊട്ടാരക്കര മൈലം നായാടി സമുദായാംഗങ്ങൾ

230 (5033) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം പ്രദേശത്തെ നായാടി സമുദായാംഗങ്ങളെ സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സമുദായക്കാരെ ഇപ്പോൾ ഏതു ജാതി വിഭാഗത്തിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ആരാണ് അതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചത് ;

(സി) ഒരു ജാതിയെയോ വർഗ്ഗത്തെയോ പട്ടികജാതിയുടെയോ പട്ടികവർഗ്ഗത്തിന്റെയോ പട്ടികയിൽ ഉൾപ്പെടുത്താനോ ഒഴിവാക്കാനോ ഉള്ള അധികാരം ഉള്ളത് ആർക്കാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ മൈലം പ്രദേശത്തെ "നായാടി" അവകാശവാദം ഉന്നയിക്കുന്നവർ യഥാർത്ഥത്തിൽ "കൊടാങ്കി നായ്ക്കൻ " സമുദായത്തിൽ ഉൾപ്പെട്ടവരാണെന്ന കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11-11-2013-ലെ G.O. (Rt) No. 1579/13/ SCS TDD പ്രകാരം ടിയാളുകളുടെ പട്ടികജാതി പദവിയും മറ്റാനുകൂല്യങ്ങളും നിരസിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ "കൊടാങ്കി നായ്ക്കൻ " സമുദായത്തെ സംസ്ഥാനത്തെ മറ്റ് പിന്നോക്ക സമുദായ (OBC) പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly